**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4227 — 12.11.2019-ലെ മറുപടിയ്ക്ക്

**കാഞ്ഞിരപ്പള്ളി കന്നുംഭാഗം ജി.എച്ച്.എസ്.എസ്.-ൽ ഫുട്ബോൾ ടർഫ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ.എൻ. ജയരാജ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കാഞ്ഞിരപ്പള്ളി കന്നുംഭാഗം ജി.എച്ച്.എസ്.എസ്. ൽ ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കാഞ്ഞിരപ്പള്ളി ഗവ എച്ച്.എസ്.എസ്. സ്കൂളിൽ സിന്തറ്റിക് ഫുട്ബോൾ ടർഫിന്റെ നിർമ്മാണത്തിനായി 2.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യാലയത്തിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത പ്രവൃത്തിക്കൾക്കായി ടെണ്ടറുകൾ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് തുകയേക്കാൾ കൂടിയ തുകയുള്ള ടെണ്ടറുകൾ ലഭിച്ചതിനാൽ റീ-ടെണ്ടർ ചെയ്യുന്ന നടപടികൾ പുരോഗമിക്കവേ 2018 ആഗസ്റ്റിൽ കേരളത്തെ ബാധിച്ച പ്രളയദുരന്തത്തെ തുടർന്ന് സർക്കാർ സ്വീകരിച്ച സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി 19.02.2019-ലെ സ.ഉ(സാധാ)നം.36/2019/കാ.യു.വ പ്രകാരം പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് റദ്ദാക്കേണ്ടി വന്നതെന്നറിയിക്കാമോ; | | |
| (സി) | അതിനോടൊപ്പം തുക അനുവദിച്ച മറ്റ് ഏതൊക്കെ പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2018 ആഗസ്റ്റിൽ കേരളത്തെ ബാധിച്ച പ്രളയദുരന്തത്തെ തുടർന്ന് സർക്കാർ സ്വീകരിച്ച സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി കായിക യുവജനകാര്യ വകുപ്പിന്റെ റദ്ദ് ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1) ആലപ്പുഴ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസിലെ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ബാസ്കറ്റ് ബോൾ കോർട്ട് പുനരുദ്ധാരണ പ്രവൃത്തി<br>2) വിവിധ സ്റ്റേഡിയങ്ങളിലേയ്ക്കായി ടർഫ് പ്രൊട്ടക്ഷൻ ടൈൽ വാങ്ങുന്ന പ്രവൃത്തി<br>3) ഗ്രാസ് റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി നടപ്പിലാക്കുന്ന പ്രവൃത്തി<br>4) കൊച്ചി എളമക്കര സ്റ്റേഡിയത്തിൽ നടപ്പാതയും ഫുട്ബോൾ കോർട്ടും നിർമ്മിക്കുന്ന പ്രവൃത്തി<br>5) എറണാകുളം രാജീവ് ഗാന്ധി ഇൻഡോർ സ്പോർട്സ് കോംപ്ലക്സിലെ താമസൗകര്യങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി. |
| (ഡി) | ടെണ്ടർ വരെയെത്തിയ പദ്ധതി എന്നത് പരിഗണിച്ച് ഈ വർഷം തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

കായിക യുവജനകാര്യ വകുപ്പ് - 2018-ലെ പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ കായികയുവജനകാര്യാലയത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം കുറവ് ചെയ്തതിന്റെ ഭാഗമായി ഭരണാനുമതികൾ റദ്ദ് ചെയ്തും പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**കായിക യുവജനകാര്യ (എ) വകുപ്പ്**

**സ.ഉ (സാധാ) നം.36/2019/കാ.യു.വ തീയതി, തിരുവനന്തപുരം, 19.02.2019**

===========================================================

പരാമർശം:- 1. സ.ഉ.(അച്ചടി) നം.153/2018/ധന, തീയതി 29.09.2018.
2. സ.ഉ.(അച്ചടി) നം.5/2019/ധന, തീയതി 21.01.2019.
3. 07.09.2018 ലെ വർക്കിങ് ഗ്രൂപ്പ് യോഗ തീരുമാനം.
4. സ.ഉ.(സാധാ) നം.98/2018/കാ.യു.വ, തീയതി 26.05.2018.
5. സ.ഉ.(സാധാ) നം.102/2018/കാ.യു.വ, തീയതി 28.05.2018.
6. സ.ഉ.(സാധാ) നം.107/2018/കാ.യു.വ, തീയതി 28.05.2018.
7. സ.ഉ.(സാധാ) നം.108/2018/കാ.യു.വ, തീയതി 28.05.2018.
8. സ.ഉ.(സാധാ) നം.111/2018/കാ.യു.വ, തീയതി 29.05.2018.
9. സ.ഉ.(സാധാ) നം.164/2018/കാ.യു.വ, തീയതി 27.07.2018.
10. സ.ഉ.(സാധാ) നം.165/2018/കാ.യു.വ, തീയതി 27.07.2018.

**ഉത്തരവ്**

2018 ആഗസ്റ്റിൽ കേരളത്തെ ബാധിച്ച പ്രളയദുരന്തത്തെ തുടർന്നുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണാർത്ഥം സർക്കാർ പൊതുവായി സ്വീകരിച്ച സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി കായികയുവജനകാര്യാലയത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 20% കുറവ് വരുത്തുവാൻ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവാകുകയും ഇതു സംബന്ധിച്ച് വിശദമായ നിർദ്ദേശം പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള ധനവിനിയോഗ പുന:ക്രമീകരണങ്ങൾ നടപ്പാക്കുന്നതിനായി 07.09.2018 ന് കൂടിയ വർക്കിങ് ഗ്രൂപ്പ് യോഗം കായികയുവജനകാര്യാലയത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുനഃക്രമീകരണം നടത്തുകയും ആയതിന്റെ ഫലമായി പരാമർശം (4) മുതൽ (9) വരെയുള്ള ഭരണാനുമതി ഉത്തരവുകൾ റദ്ദ് ചെയ്യാനും പരാമർശം (10) ഉത്തരവിലെ ഭരണാനുമതി തുകയായ 56,50,000/- രൂപ (അൻപത്തിയാറ് ലക്ഷത്തി അമ്പത്തിനായിരം രൂപ) എന്നത് 32,00,000/- രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ)യായി കുറവ് ചെയ്ത് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും തീരുമാനിച്ചിരുന്നു.

3) ഈ സാഹചര്യത്തിൽ, ആലപ്പുഴ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസിലെ നിലവിലുള്ള ബാസ്കറ്റ് ബോൾ കോർട്ട് പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുമതി നൽകിയ സ.ഉ.(സാധാ)നം.98/2018/കാ.യു.വ തീയതി 26.05.2015, വിവിധ സ്റ്റേഡിയങ്ങളിലേയ്ക്കായി ടർഫ് പ്രൊട്ടക്ഷൻ ടൈൽ വാങ്ങുന്നതിനു അനുമതി നൽകിയ സ.ഉ(സാധാ)നം.102/2018/കാ.യു.വ തീയതി 28.05.2018, ഗ്രാസ് റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി നടപ്പിലാക്കുന്നതിന് അനുമതി നൽകിയ സ.ഉ(സാധാ)നം.107/2018/കാ.യു.വ തീയതി 28.05.2018, കാഞ്ഞിരപ്പള്ളി ഗവ.ഹയർ സെക്കന്ററി സ്കൂളിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് അനുമതി നൽകിയ സ.ഉ(സാധാ)നം.108/2018/കാ.യു.വ തീയതി 28.05.2018, കൊച്ചി എളമക്കര സ്റ്റേഡിയത്തിൽ നടപ്പാതയും ഫുട്ബോൾ കോർട്ടും നിർമ്മിക്കാൻ അനുമതി നൽകിയ സ.ഉ(സാധാ)നം.111/2018/കാ.യു.വ തീയതി 29.05.2018, എറണാകുളം രാജീവ് ഗാന്ധി ഇൻഡോർ സ്പോർട്സ് കോംപ്ലക്സിലെ താമസസൗകര്യങ്ങളുടെ പുനരുദ്ധാരണ അനുമതി നൽകിയ സ.ഉ(സാധാ)നം.164/2018/കാ.യു.വ തീയതി 27.07.2018 എന്നിവ റദ്ദ് ചെയ്യും തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിലെ വുഡൻ ഫ്ലോറിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലനത്തിനുമായി പരാമർശം (10)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഭരണാനുമതി തുകയായ 56,50,000/- രൂപ (അൻപത്തിയാറ് ലക്ഷത്തി അമ്പത്തിനായിരം രൂപ) എന്നത് 32,00,000/- രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ)യായി കുറവ് ചെയ്ത് പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച് കായികയുവജനകാര്യ ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**
**മിനിമോൾ.റ്റി**
**ജോയിന്റ് സെക്രട്ടറി**

കായിക യുവജനകാര്യ ഡയറക്ടർ, കായിക യുവജനകാര്യാലയം, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്)കേരള, തിരുവനന്തപുരം
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം
പ്ലാനിങ് & എക്കണോമിക് അഫയേഴ്സ് വകുപ്പ്
ധനകാര്യ (പ്ലാനിങ് - ബി വകുപ്പ്)
ധനകാര്യം (വിദ്യാഭ്യാസം) വകുപ്പ്
ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിച്ച തീർപ്പ ഫയലിലേക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്- കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കായിക യുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
കായിക യുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്